# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2561**     **12.03.2020-ൽ മറുപടിയ്ക്ക്**

**മദ്യ വില്പനയിലും വരുമാനത്തിലും ഉണ്ടായ വർദ്ധനവ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ** | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |

**എ)** ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പനയിലും വരുമാനത്തിലും 2016-ന് ശേഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ, വിശദാംശം നൽകുമോ;

**ബി)** 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഓരോ വർഷവും മദ്യ വില്പനയിൽ ഉണ്ടായ വർദ്ധനവും അതിലൂടെ ലഭിച്ച വരുമാനവും വ്യക്തമാക്കുമോ;

**എ) യും ബി) യും**

2016 ന് ശേഷം കെ.എസ്.ബി.സിയുടെ മദ്യവില്പനയിലും, വരുമാനത്തിലും, വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഇൻഡ്യൻ നിർമ്മിത വിദേശ മദ്യ വില്പന (ലക്ഷം കെയ്സിൽ | ബിയർ വില്പന (ലക്ഷം കെയ്സിൽ) | ആകെ വിറ്റുവരവ് (തുക കോടി രൂപയിൽ) |
|---|---|---|---|
| 2016-17 | 205.41 | 150.13 | 12134 |
| 2017-18 | 208.51 | 115.42 | 12937 |
| 2018-19 | 216.34 | 121.12 | 14508 |

**സി)** ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സംസ്ഥാനത്ത് കൂടുതൽ ബാറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

**സി)** ബിവറേജസ് കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് ബാറുകൾ അനുവദിക്കുന്നത് സർക്കാർ നയമല്ല. നിലവിൽ 3 സ്റ്റാറിനും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ള ഹോട്ടലുകൾക്ക് അപേക്ഷകളുടെ അടിസ്ഥാനത്തിൽ, അർഹത പരിഗണിച്ച്, ബാർ ലൈസൻസ് (എഫ്.എൽ-3) അനുവദിച്ചുവരുന്നു.

Santhosh

**സെക്ഷൻ ഓഫീസർ**